"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പ.വ.വി.വ -ചെറ്റച്ചൽ സമര ഭൂമിയിലെ ഭവന നിർമ്മാണ ഉദ്ഘാടനപരിപാടി - ചെലവായ തുക അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടിക വർഗ്ഗ (പി.എം) വകുപ്പ്

സ.ഉ.(സാധാ) നം.216/2026/SCSTD തീയതി,തിരുവനന്തപുരം, 13-02-2026

പരാമർശം:-
1. 14.11.2025 തീയതിയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/2425/2025-B1നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം.244/2025/SCSTD തീയതി 26.3.2025 .
3. സ.ഉ.(സാധാ)നം.324/2025/SCSTD തീയതി 15.5.2025.

**ഉത്തരവ്**

ചെറ്റച്ചൽ സമര ഭൂമിയിൽ കൈവശാവകാശം നൽകിയ 18 കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണത്തിന്റെ ഉദ്ഘാടനം ബഹു.പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമവകുപ്പ് മന്ത്രി 19.6.2025 ന് സമരഭൂമിയിൽ നിർവ്വഹിക്കുകയുണ്ടായി. ടി പരിപാടി സംഘടിപ്പിച്ച വകയിൽ ചെലവ് വന്നിട്ടുള്ള 1,27,892/- രൂപ വൗച്ചറുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം നെടുമങ്ങാട് പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയിട്ടുണ്ടെന്നും , 2025-26 സാമ്പത്തിക വർഷം IEC-2225-02-277-39 ശീർഷകത്തിൽ ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും വകുപ്പിന്റെ വിവിധ ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഈ ശീർഷകത്തിൽ നിന്നും 15,00,000/- അനുവദിക്കുന്നതിനുള്ള അനുമതി സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും സൂചന (2) പ്രകാരം അനുമതി ലഭ്യമായിട്ടുണ്ടെന്നും , ടി ഉത്തരവ് നടപ്പ് സാമ്പത്തിക വർഷം റീ വാലിഡേറ്റ് ചെയ്തു സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ടെന്നും , ആയതിന്റെ അടിസ്ഥാനത്തിൽ ചെറ്റച്ചൽ സമര ഭൂമിയിൽ ഭവന നിർമ്മാണ ഉദ്ഘാടനം 19.6.2025 ൽ സംഘടിപ്പിച്ച വകയിൽ നെടുമങ്ങാട് പ്രോജക്ട് ഓഫീസർക്ക് ചെലവായ 127892/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റി രണ്ട് രൂപ) 2225-02-277-39 IEC ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സൂചന (1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ചെറ്റച്ചൽ സമര ഭൂമിയിൽ ഭവന നിർമ്മാണത്തിന്റെ ഉദ്ഘാടനം, ബഹു.പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമവകുപ്പ് മന്ത്രി 19.6.2025 ന് നിർവഹിച്ചതുമായി ബന്ധപ്പെട്ട് , പ്രസ്തുത പരിപാടി സംഘടിപ്പിച്ച വകയിൽ നെടുമങ്ങാട് പ്രോജക്ട് ഓഫീസർക്ക് ചെലവായ 1,27,892/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റി രണ്ട് രൂപ) 2225-02-277-39 IEC ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സാമൂഹിക & പൊതുമേഖല), കേരളം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സാമ്പത്തിക & റവന്യൂ മേഖല), കേരളം, തിരുവനന്തപുരം
4. ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
5. ധനകാര്യ (WW) വകുപ്പ്.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
സെക്ഷൻ ഓഫീസർ
Date: 13-02-2026 14:39:00